പതിമൂന്നാം കേരള നിയമസഭ – അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4914 04/07/2012 - ൽ മറുപടിക്ക്

കൊയിലാണ്ടി റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| കൊയിലാണ്ടി റീജണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിന്റെ ഭൗതിക സൗകര്യവികസനത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം എന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കാമോ ? | 13-ാം ധനകാര്യ കമ്മീഷൻ അവാർഡായി അനുവദിച്ച 200 കോടി രൂപയിൽ 40 കോടി രൂപ കേരളത്തിലെ 10 ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ്. ഒരു സ്ക്കൂളിനു 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിനും 400 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. 2013-14 സാമ്പത്തിക വർഷം തുക ചെലവഴിക്കുന്നതിനുള്ള അനുമതിയാണുള്ളത്. ചുറ്റുമതിൽ, ആർച്ച്ഗേറ്റ്, സെക്യൂരിറ്റി റൂം, സ്റ്റാഫ് ക്വാർട്ടേഴ്സ്, ആഡിറ്റോറിയം, സ്റ്റേജ്, കളിസ്ഥലം, കായിക ഉപകരണങ്ങൾ തുടങ്ങിയവ ഇതിന്റെ ഘടകങ്ങളാണ്. |

സെക്ഷൻ ഓഫീസർ